# പതിനാലാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:255** **07.02.2018-ൽ മറുപടിയ്ക്ക്**

**മത്സ്യോൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയുടെ നിലവിലുള്ള മത്സ്യോല്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം എന്ന ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 48.88 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ ജലകൃഷി വികസന പ്രവർത്തനങ്ങൾ എന്നതിൽ ഉൾപ്പെടുത്തിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കി വരുന്നത്. കടലിലെ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂടുകൃഷി എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ആഭ്യന്തര മേഖലയിൽ മത്സ്യോൽപാദനം വർദ്ധിപ്പിക്കാനായി, നശിച്ചുപോയ ജലാശയ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും | ബി) ആഭ്യന്തര മേഖലയിലെ മത്സ്യോത്പാദനം വർദ്ധിപ്പിക്കാനായി 2017-18 സാമ്പത്തിക വർഷം മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നശിച്ചു പോയ |

| | |
|---|---|
| പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ നിർമ്മിക്കുന്നതിനും കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിനുമായി അഷ്ടമുടികായൽ, വേമ്പനാട് കായൽ, ബാക്ക് വാട്ടേഴ്സ് ഓഫ് കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലേക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം മത്സ്യസമ്പത്ത് സംരക്ഷണവും പരിപാലനവും ഘടകത്തിൽ ഉൾപ്പെടുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്കായി 253 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**